**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3664** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലടി സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി കേന്ദ്രത്തിൽ യു.ജി/പി.ജി. കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലടി സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ യു.ജി, പി.ജി. വിഭാഗങ്ങളിലായി ഏതൊക്കെ കോഴ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | B.A Sanskrit General, B.A Sanskrit Vedanta, M.A Malayalam, M.A Sanskrit General, M.A Sanskrit Sahitya, M.A Philosophy, M.A Urdu എന്നീ കോഴ്സുകളാണ് കാലടി സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ യു.ജി, പി.ജി വിഭാഗങ്ങളിലായി നടത്തി വരുന്നത്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ വേണ്ടത്ര അപേക്ഷകരില്ലാത്തതിന്റെ പേരിൽ നേരത്തെ നിർത്തലാക്കിയ ഹിന്ദി കോഴ്സ് പുനരാരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | പുനരാരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കേന്ദ്രത്തിൽ ഏതെങ്കിലും കോഴ്സ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊയിലാണ്ടി, പേരാമ്പ്ര മണ്ഡലം എം.എൽ.എ.മാരുടെ കത്ത് യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് ലഭിച്ചിരുന്നോ; | (സി) | ലഭിച്ചിരുന്നു. |
| (ഡി) | പ്രസ്തുത കത്ത് അനുസരിച്ച് 12.04.2024-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം കൊയിലാണ്ടി പ്രാദേശിക കേന്ദ്രങ്ങളിൽ ഏതെങ്കിലും കോഴ്സ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് 30.04.2024 ലെ 00991/എ.സി.ഡി. ബി2/ എസ്.എസ്.യു.എസ്./24 നമ്പർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഈ ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ഡി) | 12.04.2024 തീയതിയിൽ കൂടിയ 216-ാമത് സിൻഡിക്കേറ്റ് യോഗം കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ ഉറുദുവിൽ നാല് വർഷ ബിരുദ പ്രോഗ്രാം നടത്താൻ തത്വത്തിൽ തീരുമാനി മെടുത്തെങ്കിലും ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതിന് സിണ്ടിക്കേറ്റിന്റെ ഒരു ഉപസമിതി രൂപീകരിച്ചു ബഹു. വൈസ് ചാൻസലർ ഉത്തരവായിരുന്നു. പഠന റിപ്പോർട്ട് ഇതുവരെയും സർവ്വകലാശാലയിൽ ലഭ്യമായിട്ടില്ല. 30.04.2024 ലെ 00991/എ.സി.ഡി. ബി2/എസ്.എസ്.യു.എസ്./24 നമ്പർ ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

അക്കാദമിക് വിഭാഗം - 2024 അക്കാദമിക വർഷത്തിൽ കൊയിലാണ്ടി പ്രാദശികകേന്ദ്രത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം (ബി.എ. ഉർദു) ആരംഭിക്കുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി വിഭാഗം**

00991 / ACDB2 / SSUS / 2024 (1) തീയതി,കാലടി,30-04-2024

---

പരാമർശം : 1. ശ്രീമതി കാനത്തിൽ ജമീല, M.L.A, ശ്രീ. ടി.പി രാമകൃഷ്ണൻ. M.L.A, ഡോ. രജിന സി, സെക്രട്ടറി, ഉർദു ഡിപ്പാർട്ടമെന്റ് ഡെവലപ്മെന്റ് കമ്മിറ്റി എന്നിവർ സമർപ്പിച്ച നിവേദനങ്ങൾ.

2. 12.04.2024 ന് ചേർന്ന 216ാമത് സിൻഡിക്കേറ്റ് യോഗത്തീരുമാനം ഐറ്റം നം. 7

**ഉത്തരവ്**

മേൽ പരാമർശം(1) പ്രകാരം, സർവകലാശാലയുടെ കൊയിലാണ്ടി പ്രാദേശികകേന്ദ്രത്തിൽ 2024 അക്കാദമിക വർഷത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രീമതി കാനത്തിൽ ജമീല, M.L.A, ശ്രീ.ടി.പി രാമകൃഷ്ണൻ. M.L.A, ഡോ. രജിന സി, സെക്രട്ടറി, ഉർദു ഡിപ്പാർട്ടമെന്റ് ഡെവലപ്മെന്റ് കമ്മിറ്റി എന്നിവർ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

17.11.2023 ൽ ചേർന്ന 212-ാമത് സിൻഡിക്കേറ്റ് യോഗം ഉർദു നിലവിലുള്ള സെന്ററിൽ (കൊയിലാണ്ടി)തുടരാനും, യു.ജി -ൽ മൈനറായും പി.ജി-ൽ മേജറായും തുടരാൻ ശിപാർശ ചെയ്തിരുന്നു.കൂടാതെ, നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുമ്പോൾ കൊയിലാണ്ടി, തിരൂർ പ്രാദേശിക കേന്ദ്രങ്ങളിൽ ഉറുദു അനുവദിക്കുന്നതിന് Kerala Urdu Teachers Association(KUTA) സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിഗണിച്ച പ്രസ്തുത വിഷയം 2025-26 അദ്ധ്യയന വർഷത്തിൽ പരിഗണിക്കാൻ 12.02.2024 ന് ചേർന്ന 214-ാമത് സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു.

ഈ സാഹചര്യത്തിൽ, കൊയിലാണ്ടി കേന്ദ്രത്തിൽ 2024 അക്കാദമിക വർഷത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ബഹു. എം.എൽ.എ -മാരുടെ നിവേദനം അക്കാഡമിക് & റിസർച്ച് സ്ഥിരം സമിതി മുഖേന സിണ്ടിക്കേറ്റിന്റെ പരിഗണയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായിരുന്നു.

പരാമർശം(2) പ്രകാരമുള്ള സിൻഡിക്കേറ്റ് മേൽ അപേക്ഷകൾ പരിഗണിക്കുകയും" 08.04.2024 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കൊയിലാണ്ടി പ്രാദശിക കേന്ദ്രത്തിൽ 2024 അക്കാദമിക വർഷത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം (ബി.എ. ഉർദു) ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട എല്ലാവരുടേയും ഒരു യോഗം വിളിച്ചുചേർത്ത് തീരുമാനം എടുക്കാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിച്ചു എക്സ് മലയിൽ, ഡോ. ശിവദാസൻ പി, ഡോ. ടോമി ജോസഫ് എന്നിവരെ കമ്മറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു."

കൊയിലാണ്ടി പ്രാദശികകേന്ദ്രത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാം (ബി.എ. ഉർദു) ആരംഭിക്കാൻ തീരുമാനിച്ച മേൽ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

**ഡോ. സുനിത ഗോപാലകൃഷ്ണൻ**

**പ്രൊഫസർ ഇൻചാർജ് ഓഫ് രജിസ്ട്രാർ**

സ്വീകർത്താവ്

- ബന്ധപ്പെട്ട അപേക്ഷകർ
- ഡോ. ബിച്ചു എക്സ് മലയിൽ, ഡോ. ശിവദാസൻ പി, ഡോ. ടോമി ജോസഫ് - സിൻഡിക്കേറ്റ് അംഗങ്ങൾ
- എല്ലാ പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്കും
- എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
- വിസി/പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
- ഡി.ആർ/എ.ആർ(അക്കാദമിക് /പരീക്ഷ വിഭാഗം)/എൻട്രൻസ് സെൽ
- എസ്.എഫ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

*Digitally Signed By*
*Reji Kamala Sukumaran*
*Date:02-05-2024 04:41:29 PM*
സെക്ഷൻ ഓഫീസർ

Note: This document is computer generated
and does not require the signature or the University’s stamp.